ഇന്ദിര ആവാസ് യോജന

253 (4296) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ദിര ആവാസ് യോജനയിൽ സംസ്ഥാന വിഹിതം നൽകുന്നതിന് എത്ര മാസത്തെ കുടിശ്ശികയുണ്ട് ?

ഉത്തരം

ഇന്ദിര ആവാസ് യോജനയുടെ കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടില്ല. 2014-15 ലെ രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആനുപാതിക സംസ്ഥാന വിഹിതവും നൽകിയിട്ടില്ല.

മാതൃകാ അംഗനവാടി

254 (4298) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പാറക്കടവ് പഞ്ചായത്തിലെ വാർഡ് 3-ൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ പെടുത്തുന്നതിനായി 6-2-2014-ൽ സമർപ്പിച്ച ശുപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വെളിപ്പെടുത്താമോ ;

(ബി) ആയത് നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പാറക്കടവ് പഞ്ചായത്തിലെ വാർഡ് 3-ൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 6-2-2014-ൽ ലഭിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ടി ആവശ്യത്തിനുള്ള 10 സെന്റ് ഭൂമി രേഖാമൂലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടി ആവശ്യത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമി സ്ഥിതി ചെയ്യുന്നത് സ്കൂൾ കോമ്പൗണ്ടിലാണ്. ആയത് അങ്കണവാടി നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ആവശ്യമാണ്. അനുമതി ലഭ്യമാക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly